**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175** — **30-09-2025 - ൽ മറുപടിയ്ക്ക്**

**തെരുവുനായ ആക്രമണം തടയാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,**<br>**ശ്രീ. മോൻസ് ജോസഫ്,**<br>**ശ്രീ. പി. ജെ. ജോസഫ്,**<br>**ശ്രീ. അനൂപ് ജേക്കബ്** | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്ത് തെരുവുനായ ആക്രമണങ്ങളെ തുടർന്ന് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പരിക്കേറ്റവരുടെ വിവരങ്ങൾ ജില്ല അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടെ നായ കടിയേറ്റ് ആശുപത്രികളിൽ ചികിത്സ തേടിയവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. തെരുവ് നായ കടിയേറ്റ് ചികിത്സ തേടുന്നവരുടെ അഞ്ച് വർഷത്തെ കണക്കുകൾ പ്രത്യകം ലഭ്യമല്ല.

| | ജില്ല | 2020 | 2021 | 2022 | 2023 | 2024 | 2025 (upto August) |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 25739 | 31806 | 41335 | 44326 | 50870 | 40413 |
| 2 | കൊല്ലം | 19300 | 23525 | 31419 | 34011 | 37618 | 31015 |
| 3 | പത്തനംതിട്ട | 9103 | 11381 | 14898 | 14184 | 15460 | 14494 |
| 4 | ആലപ്പുഴ | 11833 | 15433 | 19404 | 24006 | 27726 | 23969 |
| 5 | കോട്ടയം | 9978 | 12353 | 18404 | 31319 | 23360 | 17956 |
| 6 | ഇടുക്കി | 8082 | 7954 | 7780 | 8534 | 10003 | 7646 |
| 7 | എറണാകുളം | 18354 | 23690 | 28105 | 28925 | 32086 | 23877 |
| 8 | തൃശ്ശൂർ | 9844 | 13818 | 30172 | 30043 | 29363 | 23580 |
| 9 | പാലക്കാട് | 22375 | 28474 | 32671 | 28346 | 31303 | 24065 |
| 10 | മലപ്പുറം | 5631 | 8887 | 11543 | 13658 | 11143 | 8228 |
| 11 | കോഴിക്കോട് | 6275 | 12190 | 15763 | 19616 | 18472 | 14186 |
| 12 | വയനാട് | 4386 | 6950 | 8651 | 5505 | 5719 | 4551 |
| 13 | കണ്ണൂർ | 3998 | 15299 | 18584 | 15760 | 15418 | 12171 |
| 14 | കാസർഗോഡ് | 5585 | 9619 | 10137 | 8194 | 8252 | 6410 |
| Total | | 160483 | 221379 | 288866 | 306427 | 316793 | 252561 |

(ബി) തെരുവു നായകളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന മൃഗങ്ങളുടെ ജനന നിയന്ത്രണ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച

(ബി) തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മൃഗങ്ങളുടെ ജനന നിയന്ത്രണ ( എബിസി) പരിപാടിയും പ്രതിരോധ കുത്തി വയ്പ്പും നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 സെപ്റ്റംബർ 15 ന് പുറപ്പെടുവിച്ച സ.ഉ (സാധാ) നം 2244/2022/ ത.സ്വ.ഭ.വ പ്രകാരം പ്രതിരോധ നടപടികൾ ആരംഭിച്ചിരുന്നു. തെരുവുനായകളുടെ വന്ധ്യംകരണത്തിനും വാക്സിനേഷൻ ഡ്രൈവുകൾക്കും, നടപടികൾ സ്വീകരിച്ചത് കൂടാതെ വിപുലമായ ബോധവൽക്കരണ ക്യാമ്പയിനുകളും നടത്തി വന്നിരുന്നു. തെരുവ് നായ്ക്കളുടെ വന്ധ്യംകരണവും പ്രതിരോധ കുത്തിവയ്പ്പും ഉറപ്പാക്കാനും പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അക്രമകാരികളായ തെരുവ് നായകളെ കൊല്ലുന്നതിനുള്ള വ്യ വസ്ഥ കേന്ദ്രനിയമം അനുശാസിക്കുന്നില്ല. നിർബന്ധിത വന്ധ്യംകരണവും നായകൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പുമാണ് തെരുവ് നായ നിയന്ത്രണത്തിനുള്ള പ്രധാന മാർഗ്ഗങ്ങൾ.

| | | | |
|---|---|---|---|
| | കണക്കുകൾ ലഭ്യമാക്കാമോ; | | തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ സുപ്രധാന നടപടികൾ സ്വീകരിച്ചുവരികയും പൊതുസ്ഥലത്ത് മാലിന്യം തള്ളുന്നത് തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ഇതിന്റെ ഫലപ്രദമായ നിർവഹണത്തിനായി പ്രാദേശിക \| വിജിലൻസ് സ്ക്വാഡുകൾ, ജില്ലാതല എൻ ഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു.<br><br>എ ബി സി പദ്ധതിക്കായി നിലവിൽ 18 എ ബി സി സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പോർട്ടബിൾ എ ബി സി സെന്റർ സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ഒക്ടോബർ മാസത്തോടെ പ്രവർത്തനം ആരംഭിക്കും. എ ബി സി കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പോർട്ടബിൾ എ ബി സി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>തെരുവ് നായയുടെ വന്ധ്യംകരണം വാക്സിനേഷൻ സംബന്ധിച്ച വിശദാംശങ്ങൾ (01. 09.2024 മുതൽ 30.06.2025 വരെ)<br><br>വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം : 11,869<br><br>വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം : 1,13,708<br><br>വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ ആകെ എണ്ണം : 2,17,419<br><br>രജിസ്ട്രേഷൻ/ലൈസൻസ് അനുവദിച്ച വളർത്തുന്ന നായ്ക്കളുടെ ആകെ എണ്ണം: 56,681<br><br>ശുചിത്വ യജ്ഞത്തിൻ്റെ ഭാഗമായി നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം : 17,5 72 |
| (സി) | തെരുവുനായ പ്രശ്നം ഗുരുതരമായ പ്രദേശങ്ങളിൽ താൽക്കാലിക ആശ്രയ കേന്ദ്രങ്ങൾ/ ഷെൽട്ടറുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ എവിടെയൊക്കെ, എത്ര എണ്ണം വീതം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇവ എപ്പോൾ പ്രവർത്തനം തുടങ്ങുമെന്നും വ്യക്തമാക്കാമോ; | (സി) | താൽക്കാലിക ആശ്രയ കേന്ദ്രങ്ങൾ/ഷെൽട്ടറുകൾ നിലവിലില്ല. താൽക്കാലിക അഭയ കേന്ദ്രങ്ങൾ ഷെൽട്ടറുകൾ എന്നിവ സ്ഥാപിക്കുന്നതിന് പൊതുജനങ്ങളുടെ ഭാഗത്ത് നിന്നും ശക്തമായ പ്രതിഷേധം ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സർവകക്ഷി ജനകീയ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള 18 എ.ബി.സി കേന്ദ്രങ്ങൾക്ക് പുറമേ സംസ്ഥാനത്തെ എബിസി കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ ബ്ലോക്കുകളിലും പുതിയ പോർട്ടബിൾ എബിസി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | തെരുവുനായ ആക്രമണം മൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സർക്കാർ നൽകുന്ന നഷ്ടപരിഹാരം/ ധനസഹായം സംബന്ധിച്ച മാനദണ്ഡങ്ങളും 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിച്ച നഷ്ടപരിഹാരം/ ധനസഹായം എന്നിവയുടെ വിശദാംശവും ലഭ്യമാക്കാമോ; | (ഡി) | തെരുവുനായ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരത്തിനായി അപേക്ഷിക്കേണ്ടത് ഇതുവരെ ബഹു. ജസ്റ്റിസ്(റിട്ട) സിരിജഗൻ കമ്മിറ്റി മുമ്പാകെയായിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ WP(C) 41500/2024 ലെ 18.12.2024 ലെ നിർദ്ദേശ പ്രകാരം 8.8.2025 ലെ സ ഉ (കൈ) നം.135/2025/തസ്വഭവ പ്രകാരം സംസ്ഥാനത്ത് തെരുവുനായ ആക്രമണം മൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ട പരിഹാരം നൽകുന്നതിനായി ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി ചെയർപേഴ്സൺ ആയി ജില്ലാതലത്തിൽ Stray Dog Victim Compensation Recommendation Committee (SDVCRC) രൂപീകരിച്ച് ഉത്തരവായിരുന്നു. ടി കമ്മിറ്റിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ, തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ ജോയിൻ്റ് ഡയറക്ടർ,ജില്ലാ മൃഗസംരക്ഷണ ഓഫീസർ എന്നിവർ അംഗങ്ങളാണ്. കെൽസ ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി മുമ്പാകെ നഷ്ടപരിഹാരത്തിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് നഷ്ടപരിഹാരം നിശ്ചയിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് സർക്കാർ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവാകുകയും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ അത് വിതരണം ചെയ്യുകയും ചെയ്യുന്നു. അതനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആകെ 99,32,083 രൂപ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള പ്രത്യേക ധനസഹായം, മാർഗ്ഗനിർദേശങ്ങൾ, ജീവനക്കാരുടെ പരിശീലനം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഇ) | 2025-26 സാമ്പത്തിക വർഷത്തിൽ തെരുവുനായ്ക്കൾക്കുള്ള വാക്സിനേഷൻ.എ ബി സി പ്രോഗ്രാം, റാബിസ് ഫ്രീ കേരള തുടങ്ങിയ പരിപാടികൾക്കായി 23.38 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ തെരുവുനായകൾ മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് 23.08.2022 ലെ സ.ഉ (സാധാ) 2065/2022/LSGD, 15.09.2022 ലെ സ ഉ (സാധാ) നമ്പർ 2244/2022/LSGD നമ്പർ ഉത്തരവുകൾ പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം തെരുവ് നായ്ക്കളുടെ പ്രശ്നം പരിഹരിക്കുന്നതിനായി തീവ്രവാക്സിനേഷൻ യജ്ഞം, ശുചിത്വ യജ്ഞം, ഐ.ഇ.സി ക്യാമ്പയിൻ, വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകൽ എന്നിവയും നടത്തിവരുന്നു. കൂടാതെ എ.ബി.സി പദ്ധതി നടപ്പിലാക്കുന്നതിന് പ്രോജക്ടുകൾ രൂപീകരിക്കുന്നതിലേക്ക് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ